V ഗവൺമെന്റ് പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കഴിഞ്ഞ ദിവസം അങ്ങ് വിളിച്ചുകൂട്ടിയ നേതാക്കളുടെ യോഗത്തിൽവച്ച് ചർച്ച ചെയ്തതും പിന്നീട് പ്രതിപക്ഷ നേതാവുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലും രണ്ട് പ്രമേയങ്ങൾകൂടി ഇന്ന് ചർച്ച കൂടാതെ പാസ്സാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ആ പ്രമേയങ്ങൾ കൂടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(1) ശമ്പളപരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ ഉടനടി നടപ്പിലാക്കുന്നതിന് അനുമതി

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 5 വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന തത്വം അംഗീകരിച്ച കേരളത്തിൽ 1-3-2002-ന് നൽകേണ്ട ശമ്പള പരിഷ്കരണം സംബന്ധിച്ച് 10-2-2006-ന് നിയമസഭയിൽ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതും, 2006-2007-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ശമ്പളപരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ ഉടനടി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്ന് ഈ സഭ കേന്ദ്ര ഇലക്ഷൻ കമ്മീഷനോട് അഭ്യർത്ഥിക്കുന്നു.

2006 മാർച്ച് 1-ന് ചേർന്ന മന്ത്രിസഭായോഗം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും മാർച്ച് 2-ാം തീയതിയിലെ പ്രത്യേക മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു.

തെരഞ്ഞെടുപ്പു പ്രഖ്യാപനം വന്ന സാഹചര്യത്തിൽ 22-2-2006-ൽ ഗവൺമെന്റിന് സമർപ്പിച്ച ശമ്പള കമ്മീഷൻ ശുപാർശകൾ മാത്രം നടപ്പിലാക്കിയാൽ മതിയെന്ന ഗവൺമെന്റ് തീരുമാനത്തിന് അംഗീകാരം നൽകണമെന്നും ഈ സഭ ഐകകണ്ഠ്യേന ഇലക്ഷൻ കമ്മീഷനോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇതിലെ ആദ്യത്തെ പാരഗ്രാഫ് മാത്രം മതി. രണ്ടും മൂന്നും പാരഗ്രാഫുകൾ വേണ്ട.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): പ്രതിപക്ഷ അംഗങ്ങൾ പറഞ്ഞതുപോലെ തന്നെയാണ് ഞാൻ വായിച്ചത്. ഇതിൽ ഒരു കുഴപ്പവുമില്ല. രണ്ടും മൂന്നും പാരഗ്രാഫുകൾ ഉൾപ്പെടുത്തിയത് എന്തിനാണെന്ന് അറിയാമോ? ഇലക്ഷൻ കമ്മീഷൻ അനുവദിക്കുന്നതിനുവേണ്ടിയിട്ടാണ്. കേസ് സ്ട്രെങ്തൻ ചെയ്യുന്നതിനുവേണ്ടിയാണ്.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly